**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ മജിസ്ട്രേറ്റിന്റെ നടപടിക്രമം**

*(ഹാജർ - ഷാനവാസ്. എസ്, IAS)*

വിഷയം - ദുരന്തനിവാരണനിയമം 2005 - കൊവിഡ് 19 അധിക പ്രതിരോധ പ്രതികരണ നടപടികൾ - തൃശ്ശൂർ ജില്ല - കണ്ടെയ്ൻമെന്റ് സോണുകൾ പ്രഖ്യാപിച്ചിട്ടുള്ളത് - ഭേദഗതി വരുത്തിക്കൊണ്ടും മാർഗ്ഗനിർദേശങ്ങൾ നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം –01 സംസ്ഥാന പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് 23/04/2020 ന് പുറപ്പെടുവിച്ച സ ഉ (കൈ) നം 80/ 2020/ പൊ ഭ വ നമ്പർ സർക്കാർ ഉത്തരവ്

02 സംസ്ഥാന പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് 18/05/2020 ന് പുറപ്പെടുവിച്ച സ ഉ (കൈ) നം 99/ 2020/ പൊ ഭ വ നമ്പർ സർക്കാർ ഉത്തരവ്

03 കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 30/05/2020 ലെ 40-3/ 2020 / ഡി എം 1(എ) നമ്പർ ഉത്തരവ്

04 സംസ്ഥാന പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് 01/06/2020 ന് പുറപ്പെടുവിച്ച സ ഉ (കൈ) നം 106/ 2020/ പൊ ഭ വ നമ്പർ സർക്കാർ ഉത്തരവ്

05 സംസ്ഥാന പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് 07/06/2020 ന് പുറപ്പെടുവിച്ച സ ഉ (കൈ) നം 112/ 2020/ പൊ ഭ വ നമ്പർ സർക്കാർ ഉത്തരവ്

06 സംസ്ഥാന ദുരന്തനിവാരണവകുപ്പിൻെറ 17.06.2020 തീയതിയിലെ ജി ഒ (എം എസ്) നം 18/2020/ഡി എം ഡി നമ്പർ ഉത്തരവ്

07 ഈ കാര്യാലയത്തിലെ 21/06/2020, 24/06/2020, 26/06/2020, 29/06/2020, 01/07/2020, 03/07/2020, 05/07/2020, 06/07/2020,07/07/2020, 08/07/202, 09.07.2020, 10.07.2020, 11.07.2020, 12.07.2020, 14.07.2020, 15.07.2020, 16.07.2020, 17.07.2020, 18.07.2020, 19.07.2020, 20.07.2020, 21.07.2020, 22.07.2020. 23.07.2020, 24.07.2020, 25.07.2020, 26.07.2020, 27.07.2020, 28.07.2020, 29.07.2020, 30.07.2020 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ

08 കേന്ദ്ര ആഭ്യന്തര മന്ത്രാലയം 29/06/2020 ന് പുറപ്പെടുവിച്ച 40-3/2020/DM – I(A) നമ്പർ ഉത്തരവ്

09 സംസ്ഥാന പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് 30/06/2020 ന് പുറപ്പെടുവിച്ച സ ഉ (കൈ) നം 99/ 2020/ പൊ ഭ വ നമ്പർ സർക്കാർ ഉത്തരവ്

10 തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസറുടെ (ആരോഗ്യം) 31.07.2020 സി2 -143/2020/ജി.മെ.ഒ നമ്പർ കത്ത്.

കൊവിഡ് 19 രോഗവ്യാപനം ഫലപ്രദമായി തടയുന്നതിലേക്കായി രോഗവ്യാപനസാധ്യത കൂടുതലുള്ള പ്രദേശങ്ങളെ കണ്ടെയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ച് കർശന നിയന്ത്രണനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചും പ്രസ്തുത പ്രദേശത്തുള്ള സർക്കാർ / പൊതുമേഖല സ്ഥാപനങ്ങൾ, ബാങ്കിംഗ് സ്ഥാപനങ്ങൾ എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദേശങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരാമർശം (01) മുതൽ (06) വരെയുള്ള ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പരാമർശം (06) പ്രകാരം സാമൂഹ്യവ്യാപനം തടയുന്നതിന് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള പ്രദേശങ്ങൾ മുഴുവനായോ, ഭാഗീകമായോ കണ്ടെയിൻമെൻറ് സോണുകളായി പ്രഖ്യാപിക്കുവാൻ സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൊവിഡ് 19 നിർവ്യാപനനടപടികളുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ വിവിധ പ്രദേശങ്ങളെ കണ്ടൈൻമെന്റ് സോണുകളായി പ്രഖ്യാപിച്ചുകൊണ്ടും ഇപ്രകാരം പ്രഖ്യാപിച്ച ചില പ്രദേശങ്ങളിൽ രോഗപകർച്ചാഭീഷണി കുറഞ്ഞതായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ച കൊണ്ടും പരാമർശം (07) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മാരകപകർച്ചാവ്യാധിയായ കൊവിഡ് 19 രോഗനിർവ്യാപന നടപടികളുടെ ഭാഗമായി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്ക് കണ്ടൈൻമെന്റ് സോണുകൾ ഒഴികെയുള്ള പ്രദേശങ്ങളിൽ രണ്ടാംഘട്ടം ഇളവുകൾ പ്രഖ്യാപിച്ച കൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പരാമർശം 8 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത മാർഗ്ഗനിർദേശങ്ങളും നിയന്ത്രണങ്ങളും സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടർമാരെയും ജില്ലാ പോലീസ് മേധാവികളെയും സർക്കാർ വകുപ്പ് തലവൻമാരെയും ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം 09 പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൊവിഡ് 19 നിർവ്യാപനം ശക്തിപ്പെടുത്തുന്നതിലേക്കായി പോലീസ് അധികാരികളും ആരോഗ്യവകുപ്പ് അധികൃതരും പ്രസ്തുത നിർദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കണ്ടൈൻമെന്റ് പ്രദേശങ്ങളിൽ ആവശ്യമെങ്കിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ ദിവസങ്ങളിൽ രോഗം സ്ഥിരീകരിച്ചയാളുകളുടെ സമ്പർക്ക കേസുകൾ പരിശോധിച്ചതിൽ നിന്നും സർക്കാരിന്റെ പുതുക്കിയ മാനദണ്ഡപ്രകാരം താഴേ പറയുന്ന പ്രദേശങ്ങൾ കൂടി കണ്ടൈൻമെന്റ് സോണായി പ്രഖ്യാപിക്കേണ്ടതാണെന്നും പരാമർശം 10 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ശുപാർശ ചെയ്തിട്ടുള്ളതാണ്.

പരാമർശം 07 പ്രകാരം കണ്ടെയിൻമെൻറ് സോണുകളായി പ്രഖ്യാപിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രദേശങ്ങളിൽ രോഗവ്യാപന സാധ്യത കുറഞ്ഞിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങൾ കണ്ടെയിൻമെൻറ് സോൺ നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കാമെന്ന് പരാമർശം 10 പ്രകാരം ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തൃശ്ശൂർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | വാർഡുകൾ / ഡിവിഷനുകൾ |
| --- | --- |
| 01 : പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 02, 03, 17, 18 വാർഡുകൾ |
| 02 : എറിയാട് ഗ്രാമപഞ്ചായത്ത് | 01, 08, 22, 23 വാർഡുകൾ |
| 03 : അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് | 13-ാം വാർഡ് |
| 04 : വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് | 03-ാം വാർഡ് |
| 05 : കോടശ്ശേരി ഗ്രാമപഞ്ചായത്ത് | 03-ാം വാർഡ് |
| 06 : പുത്തൂർ ഗ്രാമപഞ്ചായത്ത് | 03-ാം വാർഡ് |
| 07 : നെന്മണിക്കര ഗ്രാമപഞ്ചായത്ത് | 06, 07 വാർഡുകൾ |
| 08 : ആളൂർ ഗ്രാമപഞ്ചായത്ത് | 01, 17 വാർഡുകൾ |
| 09 : വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് | 09-ാം വാർഡ് |
| 10 : എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് | 09-ാം വാർഡ് |
| 11 : വടക്കാഞ്ചേരി നഗരസഭ | 10, 11, 16, 17, 20 ഡിവിഷനുകൾ |
| 12 : ചേർപ്പ് ഗ്രാമപഞ്ചായത്ത് | 17, 18 വാർഡുകൾ |
| 13 : കടവല്ലൂർ ഗ്രാമപഞ്ചായത്ത് | 15, 16, 17 വാർഡുകൾ |
| 14 : തൃക്കൂർ ഗ്രാമപഞ്ചായത്ത് | 07, 08 വാർഡുകൾ |
| 15 : പൂമംഗലം ഗ്രാമപഞ്ചായത്ത് | 08-ാം വാർഡ് |
| 16 : ചൂണ്ടൽ ഗ്രാമപഞ്ചായത്ത് | 06, 07, 08 വാർഡുകൾ |
| 17 : ചേലക്കര ഗ്രാമപഞ്ചായത്ത് | 17-ാം വാർഡ് |
| 18 : അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് | 11-ാം വാർഡ് |
| 19 : കൊടുങ്ങല്ലൂർ നഗരസഭ | 31-ാം ഡിവിഷൻ |
| 20 : തൃശ്ശൂർ കോർപ്പറേഷൻ | 40, 44 ഡിവിഷനുകൾ |
| 21 : ദേശമംഗലം ഗ്രാമപഞ്ചായത്ത് | 11, 13, 14, 15 വാർഡുകൾ |
| 22 : തിരുവില്വാമല ഗ്രാമപഞ്ചായത്ത് | 10-ാം വാർഡ് |
| 23 : പടിയൂർ ഗ്രാമപഞ്ചായത്ത് | 01, 13, 14 വാർഡുകൾ |
| 24 : വല്ലച്ചിറ ഗ്രാമപഞ്ചായത്ത് | 14-ാം വാർഡ് |
| 25 : മാടക്കത്തറ ഗ്രാമപഞ്ചായത്ത് | 06, 07, 08, 14 വാർഡുകൾ |
| 26 : പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് | 12-ാം വാർഡ് |
| 27 : വേളൂക്കര ഗ്രാമപഞ്ചായത്ത് | 01, 03, 17, 18 വാർഡുകൾ |

തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ ദിവസങ്ങളിൽ രോഗം സ്ഥിരീകരിച്ചയാളുകളുടെ സമ്പർക്ക കേസുകൾ പരിശോധിച്ചതിൽ നിന്നും സർക്കാരിന്റെ പുതുക്കിയ മാനദണ്ഡപ്രകാരം താഴേ പറയുന്ന പ്രദേശങ്ങൾ കൂടി കണ്ടൈൻമെന്റ് സോണായി പ്രഖ്യാപിക്കേണ്ടതാണെന്നും പരാമർശം 10 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ശുപാർശ ചെയ്തിട്ടുള്ളതാണ്.

| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പേര് | വാർഡുകൾ / ഡിവിഷനുകൾ |
|---|---|
| 01 എറിയാട് ഗ്രാമപഞ്ചായത്ത് | 10-ാം വാർഡ് |
| 02 കാട്ടൂർ ഗ്രാമപഞ്ചായത്ത് | 06-ാം വാർഡ് |

ഈ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനും തൃശ്ശൂർ ജില്ലാ മജിസ്ട്രേറ്റുമായ ഷാനവാസ് എസ്, IAS എന്ന ഞാൻ, ദുരന്തനിവാരണനിയമം 2005 വകുപ്പ് 26, 30, 33, 34 എന്നിവയും 1897 ലെ പകർച്ചാവ്യാധി നിയമത്തിലെ വ്യവസ്ഥകളും 1973 ലെ ക്രിമിനൽ നിയമനടപടി സംഹിതയിലെ 144-ാം വകുപ്പും അതീവ ജാഗ്രത പുലർത്തേണ്ട കണ്ടെയിൻമെന്റ് സോണുകളിൽ രോഗപ്രതിരോധത്തിനാവശ്യമായ എല്ലാ നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിനായി പരാമർശം (01) മുതൽ (06) വരെയും 08, 09 എന്നിവയും പ്രകാരമുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്, ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം താഴേ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

: **ഉത്തരവ്** :

**01: പരാമർശം 07 പ്രകാരം കണ്ടെയിൻമെൻറ് സോണുകളായി പ്രഖ്യാപിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രദേശങ്ങളിൽ രോഗവ്യാപന സാധ്യത കുറഞ്ഞിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങൾ കണ്ടെയിൻമെൻറ് സോൺ നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.**

| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പേര് | വാർഡുകൾ / ഡിവിഷനുകൾ |
|---|---|
| 01 : പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 02, 03, 17, 18 വാർഡുകൾ |
| 02 : എറിയാട് ഗ്രാമപഞ്ചായത്ത് | 01, 08, 22, 23 വാർഡുകൾ |
| 03 : അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് | 13-ാം വാർഡ് |
| 04 : വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് | 03-ാം വാർഡ് |
| 05 : കോടശ്ശേരി ഗ്രാമപഞ്ചായത്ത് | 03-ാം വാർഡ് |
| 06 : പുത്തൂർ ഗ്രാമപഞ്ചായത്ത് | 03-ാം വാർഡ് |
| 07 : നെന്മണിക്കര ഗ്രാമപഞ്ചായത്ത് | 06, 07 വാർഡുകൾ |
| 08 : ആളൂർ ഗ്രാമപഞ്ചായത്ത് | 01, 17 വാർഡുകൾ |
| 09 : വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് | 09-ാം വാർഡ് |
| 10 : എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് | 09-ാം വാർഡ് |
| 11 : വടക്കാഞ്ചേരി നഗരസഭ | 10, 11, 16, 17, 20 ഡിവിഷനുകൾ |
| 12 : ചേർപ്പ് ഗ്രാമപഞ്ചായത്ത് | 17, 18 വാർഡുകൾ |
| 13 : കടവല്ലൂർ ഗ്രാമപഞ്ചായത്ത് | 15, 16, 17 വാർഡുകൾ |
| 14 : തൃക്കൂർ ഗ്രാമപഞ്ചായത്ത് | 07, 08 വാർഡുകൾ |

| | |
|---|---|
| 15 : പൂമംഗലം ഗ്രാമപഞ്ചായത്ത് | 08-ാം വാർഡ് |
| 16 : ചൂണ്ടൽ ഗ്രാമപഞ്ചായത്ത് | 06, 07, 08 വാർഡുകൾ |
| 17 : ചേലക്കര ഗ്രാമപഞ്ചായത്ത് | 17-ാം വാർഡ് |
| 18 : അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് | 11-ാം വാർഡ് |
| 19 : കൊടുങ്ങല്ലൂർ നഗരസഭ | 31-ാം ഡിവിഷൻ |
| 20 : തൃശ്ശൂർ കോർപ്പറേഷൻ | 40, 44 ഡിവിഷനുകൾ |
| 21 : ദേശമംഗലം ഗ്രാമപഞ്ചായത്ത് | 11, 13, 14, 15 വാർഡുകൾ |
| 22 : തിരുവില്വാമല ഗ്രാമപഞ്ചായത്ത് | 10-ാം വാർഡ് |
| 23 : പടിയൂർ ഗ്രാമപഞ്ചായത്ത് | 01, 13, 14 വാർഡുകൾ |
| 24 : വല്ലച്ചിറ ഗ്രാമപഞ്ചായത്ത് | 14-ാം വാർഡ് |
| 25 : മാടക്കത്തറ ഗ്രാമപഞ്ചായത്ത് | 06, 07, 08, 14 വാർഡുകൾ |
| 26 : പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് | 12-ാം വാർഡ് |
| 27 : വേളൂക്കര ഗ്രാമപഞ്ചായത്ത് | 01, 03, 17, 18 വാർഡുകൾ |

**02: കൊവിഡ് 19 രോഗവ്യാപനം തടയുന്നതിലേക്കായി താഴെ ചേർക്കുന്ന പ്രദേശം കണ്ടൈൻമെന്റ് സോണായി പ്രഖ്യാപിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.**

| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | വാർഡുകൾ / ഡിവിഷനുകൾ |
|---|---|
| **01 എറിയാട് ഗ്രാമപഞ്ചായത്ത്** | **10-ാം വാർഡ്** |
| **02 കാട്ടൂർ ഗ്രാമപഞ്ചായത്ത്** | **06-ാം വാർഡ്** |

**03: ഈ കാര്യാലയത്തിൽ നിന്നും പരാമർശം 7 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം മുമ്പ് കണ്ടെയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ചവയും ഈ ഉത്തരവിൽ മുകളിൽ ചേർത്തിട്ടുള്ളതു പ്രകാരം കണ്ടൈൻമെന്റ് സോണായി പ്രഖ്യാപിക്കുന്നതും ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ, താഴെ ചേർത്തിട്ടുള്ളതു പ്രകാരം കണ്ടൈൻമെന്റ് സോണുകൾ നിലനിൽക്കുന്നതാണ്.**

| ക്രമ നമ്പർ | ഉത്തരവ് തിയതി | തദ്ദേശസ്വയംഭരണസ്ഥാപനം | ഡിവിഷൻ / വാർഡ് |
|---|---|---|---|
| 01 | 28.07.2020 | കുന്ദംകുളം നഗരസഭ | 22 -ാം ഡിവിഷൻ |
| 02 | 30.07.2020 | വേളൂക്കര ഗ്രാമപഞ്ചായത്ത് | 02, 14 വാർഡുകൾ |
| 03 | 25.07.2020 | താന്ന്യം ഗ്രാമപഞ്ചായത്ത് | മുഴുവൻ വാർഡുകളും |
| 04 | 30.07.2020 | കടവല്ലൂർ ഗ്രാമപഞ്ചായത്ത് | 12-ാം വാർഡ് |
| 05 | 30.07.2020 | തൃശ്ശൂർ കോർപ്പറേഷൻ | 08 -ാം ഡിവിഷൻ |

| | | | |
|---|---|---|---|
| 06 | 19.07.2020 | ഇരിങ്ങാലക്കുട നഗരസഭ | എല്ലാ ഡിവിഷനുകളും |
| 07 | 19.07.2020 | മുരിയാട് ഗ്രാമപഞ്ചായത്ത് | എല്ലാ വാർഡുകളും |
| 08 | 19.07.2020 | വരവൂർ ഗ്രാമപഞ്ചായത്ത് | 12 വാർഡുകൾ |
| 09 | 26.07.2020 | വരവൂർ ഗ്രാമപഞ്ചായത്ത് | 02, 03, 04 വാർഡുകൾ |
| 10 | 25.07.2020 | മറ്റത്തൂർ ഗ്രാമപഞ്ചായത്ത് | 06, 07, 14, 15 വാർഡുകൾ |
| 11 | 23.07.2020 | പോർക്കുളം ഗ്രാമപഞ്ചായത്ത് | 09-ാം വാർഡ് |
| 12 | 25.07.2020 | പോർക്കുളം ഗ്രാമപഞ്ചായത്ത് | 10-ാം വാർഡ് |
| 13 | 30.07.2020 | പോർക്കുളം ഗ്രാമപഞ്ചായത്ത് | 06, 07 വാർഡുകൾ |
| 14 | 30.07.2020 | അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് | 13-ാം വാർഡ് |
| 15 | 20.07.2020 | പുത്തൻചിറ ഗ്രാമപഞ്ചായത്ത് | 06-ാം വാർഡ് |
| 16 | 24.07.2020 | പുത്തൻചിറ ഗ്രാമപഞ്ചായത്ത് | 07-ാം വാർഡ് |
| 17 | 26.07.2020 | പുത്തൻചിറ ഗ്രാമപഞ്ചായത്ത് | 05-ാം വാർഡ് |
| 18 | 27.07.2020 | പുത്തൻചിറ ഗ്രാമപഞ്ചായത്ത് | 02, 03, 04, 07, 08, 14 വാർഡുകൾ |
| 19 | 24.07.2020 | വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് | 04, 13 വാർഡുകൾ |
| 20 | 30.07.2020 | വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് | 01, 22 വാർഡുകൾ |
| 21 | 26.07.2020 | മാള ഗ്രാമപഞ്ചായത്ത് | മുഴുവൻ വാർഡുകളും |
| 22 | 21.07.2020 | കോടശ്ശേരി ഗ്രാമപഞ്ചായത്ത് | 04 വാർഡുകൾ |
| 23 | 27.07.2020 | കോടശ്ശേരി ഗ്രാമപഞ്ചായത്ത് | 08, 09 വാർഡുകൾ |
| 24 | 22.07.2020 | മതിലകം ഗ്രാമപഞ്ചായത്ത് | 14-ാം വാർഡ് |
| 25 | 23.07.2020 | മതിലകം ഗ്രാമപഞ്ചായത്ത് | 15-ാം വാർഡ് |
| 26 | 29.07.2020 | മതിലകം ഗ്രാമപഞ്ചായത്ത് | 01-ാം വാർഡ് |
| 27 | 23.07.2020 | കൊടകര ഗ്രാമപഞ്ചായത്ത് | 02-ാം വാർഡ് |
| 28 | 27.07.2020 | കൊടകര ഗ്രാമപഞ്ചായത്ത് | 01, 03, 04 വാർഡുകൾ |
| 29 | 23.07.2020 | പാവറട്ടി ഗ്രാമപഞ്ചായത്ത് | 03-ാം വാർഡ് |
| 30 | 23.07.2020 | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 01 വാർഡ് |
| 31 | 29.07.2020 | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 09-ാം വാർഡ് |
| 32 | 27.07.2020 | വടക്കാഞ്ചേരി നഗരസഭ | 15-ാം ഡിവിഷൻ |
| 33 | 29.07.2020 | വടക്കാഞ്ചേരി നഗരസഭ | 18-ാം ഡിവിഷൻ |
| 34 | 30.07.2020 | വടക്കാഞ്ചേരി നഗരസഭ | 21-ാം ഡിവിഷൻ |
| 35 | 24.07.2020 | എടവിലങ്ങ് ഗ്രാമപഞ്ചായത്ത് | 07-ാം വാർഡ് |
| 36 | 27.07.2020 | ചേർപ്പ് ഗ്രാമപഞ്ചായത്ത് | 11-ാം വാർഡ് |

| | | | |
|---|---|---|---|
| 37 | 24.07.2020 | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | 09, 12, 13 വാർഡുകൾ |
| 38 | 24.07.2020 | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് | 10, 11 വാർഡുകൾ |
| 39 | 24.07.2020 | പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് | 12-ാം വാർഡ് |
| 40 | 25.07.2020 | എറിയാട് ഗ്രാമപഞ്ചായത്ത് | 04-ാം വാർഡ് |
| 41 | 31.07.2020 | എറിയാട് ഗ്രാമപഞ്ചായത്ത് | 10-ാം വാർഡ് |
| 42 | 24.07.2020 | ചാലക്കുടി നഗരസഭ | 01, 04, 19, 20, 21 ഡിവിഷനുകൾ |
| 43 | 25.07.2020 | വലപ്പാട് ഗ്രാമപഞ്ചായത്ത് | 13-ാം വാർഡ് |
| 44 | 25.07.2020 | എടത്തിരുത്തി ഗ്രാമപഞ്ചായത്ത് | 09-ാം വാർഡ് |
| 45 | 25.07.2020 | കയ്പമംഗലം ഗ്രാമപഞ്ചായത്ത് | 12-ാം വാർഡ് |
| 46 | 28.07.2020 | കയ്പമംഗലം ഗ്രാമപഞ്ചായത്ത് | 16,18,20 വാർഡുകൾ |
| 47 | 25.07.2020 | കടപ്പുറം ഗ്രാമപഞ്ചായത്ത് | 06, 07, 10 വാർഡുകൾ |
| 48 | 26.07.2020 | കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് | 01, 09, 16 വാർഡുകൾ |
| 49 | 27.07.2020 | കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് | 02, 08, 14 വാർഡുകൾ |
| 50 | 28.07.2020 | ചാഴൂർ ഗ്രാമപഞ്ചായത്ത് | 03-ാം വാർഡ് |
| 51 | 30.07.2020 | വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് | 18, 19 വാർഡുകൾ |
| 52 | 30.07.2020 | പഴയന്നൂർ ഗ്രാമപഞ്ചായത്ത് | 01-ാം വാർഡ് |
| 53 | 30.07.2020 | കുഴൂർ ഗ്രാമപഞ്ചായത്ത് | 01, 02, 03, 04, 05, 13 വാർഡുകൾ |
| 54 | 31.07.2020 | കാട്ടൂർ ഗ്രാമപഞ്ചായത്ത് | 06-ാം വാർഡ് |

രാജ്യമൊട്ടാകെ നിലവിലുണ്ടായിരുന്ന ലോക്ക്ഡൗൺ മാർഗ്ഗനിർദേശങ്ങൾ പുതുക്കിക്കൊണ്ടും ഇളവുകൾ അനുവദിച്ചു കൊണ്ടും സർക്കാർ പരാമർശം 03, 08 എന്നിവ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ ഖണ്ഡിക 4 (iii) ൽ പരാമർശിക്കുന്ന (കണ്ടെയ്ൻമെൻറ് സോൺ) അവശ്യസേവനങ്ങൾ മാത്രമെ മേൽ സൂചിപ്പിച്ച കണ്ടെയ്ൻമെന്റ് സോൺ പ്രദേശങ്ങളിൽ അനുവദിക്കുകയുള്ളൂ. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അടിയന്തിരാവശ്യങ്ങൾക്കായല്ലാതെ ജനങ്ങൾ പുറത്തിറങ്ങി നടക്കുവാൻ പാടുള്ളതല്ല. ഈ ഉത്തരവ് കർശനമായി നടപ്പാക്കുന്നതിന് ജില്ലാ പോലീസ് മേധാവി തൃശ്ശൂർ സിറ്റി / തൃശ്ശൂർ റൂറൽ എന്നിവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ആവശ്യങ്ങൾ, അവശ്യസാധനങ്ങളുടെ വിതരണം എന്നീ പ്രവർത്തനങ്ങൾക്കൊഴികെയുള്ളവരുടെ സഞ്ചാരം കണ്ടെയിൻമെന്റ് സോണുകളിൽ കർശനമായി നിയന്ത്രിക്കേണ്ടതാണ്. കണ്ടെയിൻമെന്റ് സോണിൽ ഉൾപ്പെടുന്ന കോടതികൾ, ദുരന്തനിവാരണവുമായി ബന്ധപ്പെട്ട ജോലികൾ കൈകാര്യം ചെയ്യുന്ന കാര്യാലയങ്ങൾ എന്നിവയൊഴികെയുള്ള മറ്റെല്ലാ സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളും കണ്ടെയ്ൻമെന്റ് സോണായി നിലനിൽക്കുന്ന കാലയളവിൽ പ്രവർത്തിക്കുന്നത് അനുവദനീയമല്ലാത്തതാണ്. മേൽ സൂചിപ്പിച്ച പ്രകാരം പ്രവർത്തനാനുമതി നൽകിയിട്ടുള്ള കാര്യാലയങ്ങൾ സംസ്ഥാന പൊതുഭരണ

വകുപ്പ് (രഹസ്യവിഭാഗം) വകുപ്പ് പരാമർശം (05) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം ഏറ്റവും കുറവ് ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിക്കേണ്ടതാണ്.

കണ്ടെയിൻമെന്റ് സോണിൽ പ്രവർത്തിച്ചു വരുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ പ്രവൃത്തിദിവസങ്ങളിൽ ഉച്ചതിരിഞ്ഞ് 2 മണി വരെ പരമാവധി പകുതി ജീവനക്കാരെ മാത്രം ജോലിക്ക് നിയോഗിച്ച് പ്രവർത്തിക്കേണ്ടതാണ്. ഒരേ സമയം 3 ഉപഭോക്താക്കൾക്ക് മാത്രം സ്ഥാപനത്തിനകത്ത് പ്രവേശനാനുമതി നൽകേണ്ടതാണ്. ജീവനക്കാരെ ജോലിക്ക് നിയോഗിക്കേണ്ടതിൽ സംസ്ഥാന പൊതുഭരണ വകുപ്പ് (രഹസ്യവിഭാഗം) വകുപ്പ് പരാമർശം 5 പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

കൂടാതെ താഴേ ചേർക്കുന്ന നിബന്ധനകളും കണ്ടൈൻമെന്റ് സോൺപ്രദേശങ്ങളിൽ ബാധകമായിരിക്കും.

01 : മേൽ പറഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളിൽ / ഡിവിഷനുകളിൽ ഉൾപ്പെടുന്ന പൊതുസ്ഥലങ്ങളിലും / പൊതുസ്ഥലങ്ങളുടെ നിർവചനത്തിൽവരുന്ന സ്ഥലങ്ങളിലും മൂന്നുപേരിൽകൂടുതൽ കൂട്ടംകൂടുവാൻ പാടുള്ളതല്ല.

02 : പൊതുസ്ഥലങ്ങളിൽ വ്യക്തികൾ തമ്മിൽ കുറഞ്ഞത് ഒരു മീറ്ററെങ്കിലും അകലം പാലിച്ചിരിക്കേണ്ടതാണ്.

03 : അനുവദനീയമായ സ്ഥാപനങ്ങളിൽതന്നെ ഒരേ സമയം മൂന്ന് ഉപഭോക്താക്കളിൽ കൂടുതൽപേരെ പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല.

04 : ആവശ്യ സാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾ രാവിലെ ഏഴുമണി മുതൽ വൈകുന്നേരം ഏഴുമണിവരെ മാത്രം പ്രവർത്തിക്കാവുന്നതാണ്.

05 : പ്ലാന്റേഷൻ, നിർമ്മാണമേഖലകളിൽ പ്രവർത്തിക്കുവാനായി അന്യസംസ്ഥാനങ്ങളിൽ നിന്നും യാതൊരുകാരണവശാലും തൊഴിലാളികളെ കൊണ്ടുവരുവാൻ പാടില്ല.

06 : വീടുകൾതോറും കയറിയിറങ്ങി കച്ചവടം നടത്തുന്നത് കർശനമായും നിരോധിച്ചിരിക്കുന്നു.

ഉത്തരവ് ലംഘിക്കുന്നവർക്കെതിരെയും ലംഘിക്കുവാൻ പ്രേരിപ്പിക്കുന്നവർക്കെതിരെയും ബന്ധപ്പെട്ട നിയമങ്ങൾക്കു പുറമേ ദുരന്തനിവാരണനിയമം 2005 ലെ അധ്യായം X പ്രകാരമുള്ള ശിക്ഷാനടപടികൾ കൂടി സ്വീകരിക്കുന്നതായിരിക്കും.

***(2020 ജൂലയ് മാസം 31-ാം തിയതി എന്റെ കൈയ്യൊപ്പോടു കൂടി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു)***

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ മജിസ്ട്രേറ്റ്
തൃശ്ശൂർ

സ്വീകർത്താവ്,

1. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ സിറ്റി
2. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ റൂറൽ
3. സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
4. സെക്രട്ടറി, കുന്ദംകുളം / ഇരിങ്ങാലക്കുട / ഗുരുവായൂർ /കൊടുങ്ങല്ലൂർ / വടക്കാഞ്ചേരി / ചാലക്കുടി നഗരസഭ
5. സെക്രട്ടറി, വേളൂക്കര / ആളൂർ / താന്ന്യം / കടവല്ലൂർ / മുരിയാട് / തൃക്കൂർ / പൂമംഗലം / വരവൂർ / ചൂണ്ടൽ / മറ്റത്തൂർ / എരുമപ്പെട്ടി / പോർക്കുളം / ചേലക്കര / അളഗപ്പനഗർ / പുത്തൻചിറ /

വരന്തരപ്പിള്ളി / ദേശമംഗലം / മാള /കോടശ്ശേരി/മതിലകം/തിരുവില്വാമല/ പടിയൂർ/ കൊടകര/പാവറട്ടി/ മാടക്കത്തറ/ പുത്തൂർ/ നെന്മണിക്കര/പറപ്പൂക്കര/എടവിലങ്ങ് / വല്ലച്ചിറ /ചേർപ്പ് / ശ്രീനാരായണപുരം / വെങ്കിടങ്ങ് / പെരിഞ്ഞനം/അവിണിശ്ശേരി / എറിയാട് /വലപ്പാട്/എടത്തിരുത്തി/കയ്പമംഗലം/കടപ്പുറം/ കാട്ടകുറ്റി/ കാട്ടകാമ്പാൽ/ചാഴൂർ/ വെള്ളാങ്കല്ലൂർ / പഴയന്നൂർ /കുഴൂർ/കാട്ടൂർ ഗ്രാമപഞ്ചായത്ത്

6. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തൃശ്ശൂർ (ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിരമായി വിവരം അറിയിക്കുന്നതിന്)
7. ജില്ലയിലെ എല്ലാ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും
8. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ
9. ജില്ലാ സപ്ലൈ ആഫീസർ, തൃശ്ശൂർ (മറ്റു അനന്തര നടപടികൾക്കായി)
10. ലീഡ് ബാങ്ക് മാനേജർ, തൃശ്ശൂർ

പകർപ്പ്,

1. ജില്ലയിലെ എല്ലാ ബഹു. എം എൽ എ മാർക്കും.
2. പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന റവന്യൂ ദുരന്ത നിവാരണ വകുപ്പ്, തിരുവനന്തപുരം ആമുഖ കത്ത് സഹിതം
3. പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്, സെക്രട്ടേറിയറ്റ് തിരുവനന്തപുരം ആമുഖ കത്ത് സഹിതം
4. മെമ്പർ സെക്രട്ടറി, കെ എസ് ഡി എം എ തിരുവനന്തപുരം
5. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, തൃശ്ശൂർ
6. സബ് കളക്ടർ, തൃശ്ശൂർ
7. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട
8. ഡെപ്യൂട്ടി കമ്മീഷണർ, എക്സൈസ്, തൃശ്ശൂർ
9. ഡെപ്യൂട്ടി കളക്ടർ (ഡി എം), തൃശ്ശൂർ
10. ജില്ലയിലെ എല്ലാ ഡെപ്യൂട്ടി കളക്ടർമാർക്കും
11. ജില്ലയിലെ എല്ലാ താലൂക്ക് തഹസിൽദാർമാർക്കും
12. ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗങ്ങൾക്ക്
13. ജില്ലാ ലേബർ ഓഫീസർ, തൃശ്ശൂർ
14. വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശ്ശൂർ
15. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ - ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ ആവശ്യമായ പ്രചരണത്തിനായി
16. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, NIC, തൃശ്ശൂർ - ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി
17. ജില്ലാ കളക്ടറുടെ സി എ / കരുതൽ ഫയൽ - എച്ച് 4/ കെ 1